## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 341** **13.12.2018 ൽ മറുപടിക്ക്.**

## ജി. എസ്. ടി. നിരക്കുകൾ കുറച്ചതനുസരിച്ചുള്ള വിലക്കുറവ്

| ചോദ്യം<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.കെ.എം.ഷാജി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി നിരക്കുകൾ കുറച്ചതനുസരിച്ചുള്ള വിലക്കുറവ് ഉപഭോക്താക്കൾക്ക് ലഭിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നികുതി കുറയ്ക്കുമ്പോൾ അടിസ്ഥാന വില ഉയർത്തി അമിത ലാഭം എടുക്കുന്നതു തടയാൻ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ; | (ബി) | ജി.എസ്.ടി നിയമപ്രകാരം, ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനം ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഇത്തരം ആനുകൂല്യം ലഭ്യമാകാത്ത സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ജി.എസ്.ടി നിയമം 171-ാം വകുപ്പ് പ്രകാരം (ആന്റി പ്രോഫിറ്റിയറിംഗ്) സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള സ്ക്രീനിംഗ് കമ്മിറ്റി മുമ്പാകെ പരാതി നൽകാവുന്നതാണ്. എന്നാൽ ഉപഭോക്താക്കളിൽ നിന്നും ഇത്തരം പരാതികൾ ലഭിക്കാത്തതിനാൽ വകുപ്പ് തലത്തിൽ ഇക്കാര്യം പരിശോധിച്ച് സംസ്ഥാനചരക്കുസേവന നികുതി വകുപ്പ് ജി.എസ്.ടി ക്കു മുമ്പും അതിനു ശേഷവുമുള്ള വിലവിവരപട്ടിക, നികുതിനിരക്കിന്റെയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യതയുടെയും അടിസ്ഥാനത്തിൽ പ്രാഥമിക പരിശോധന നടത്തി സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിയുടെ |

| | | | |
|---|---|---|---|
| | | | ശുപാർശയോടുകൂടി തുടർനടപടിക്കായി കേന്ദ്ര ആന്റിപ്രോഫിറ്റീയറിംഗ് അതോറിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേലുള്ള പരിശോധന കേന്ദ്ര ആന്റിപ്രോഫിറ്റീയറിംഗ് അതോറിറ്റി നടത്തിവരുന്നു. |
| (സി) | നികുതി ഇളവിന്റെ പ്രയോജനം സാധാരണക്കാർക്ക് ലഭിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | ജി.എസ്.ടി യിലെ ആന്റി-പ്രോഫിറ്റീയറിംഗ് നിയമപ്രകാരം, ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യം സാധാരണ ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് വകുപ്പ് പരിശോധന നടത്തുന്നുണ്ട്. ഇതുകൂടാതെ, ജി.എസ്.ടി നിയമത്തെസംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനായി നിരവധി ബോധവത്കരണ പരിപാടികൾ മാസ് മീഡിയ വഴിയും ജില്ലാഅടിസ്ഥാനത്തിലും നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ